**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **12-06-2024 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൈപ്പ് കണക്ഷനുകളിലെ ചോർച്ച, മീറ്റർ തകരാർ, മോഷണം എന്നിവ മൂലം പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനമാണ് കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 35-40 ശതമാനത്തോളം വരുമാനരഹിത ജലം ആയാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെ മറ്റും ഉള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾ കൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതു മൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. |
| (ബി) | ഇതു മൂലം പ്രതിവർഷം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം എത്രയാണെന്ന് അറിയിക്കുമോ; | (ബി) | 2023-24 വർഷത്തെ പ്രൊവിഷണൽ വരവ് ചെലവ് കണക്കനുസരിച്ച 1000 ലിറ്റർ കുടിവെള്ളത്തിന് ഉല്പാദന പ്രസരണ ചെലവ് 24.82 രൂപയാണ്. |
| (സി) | കേരള വാട്ടർ അതോറിറ്റിയിൽ ഭൗതിക നഷ്ടവും വാണിജ്യ നഷ്ടവും വേർതിരിച്ച് നിർണ്ണയിക്കുന്നതിനുള്ള എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദാംശം നൽകാമോ; | (സി) | അതോറിറ്റിയെ സംബന്ധിച്ച് ഭൗതിക നഷ്ടവും വാണിജ്യ നഷ്ടവും വേർതിരിച്ച് നിർണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എങ്കിലും ആകെയുള്ള വരുമാനരഹിത ജലത്തിൽ 20% മുതൽ 25% ശതമാനമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത് എന്നാണ് പ്രാഥമികമായി വിലയിരുത്തപ്പെടുന്നത്. |
| (ഡി) | കേരള വാട്ടർ അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | കേരളാ വാട്ടർ അതോറിറ്റി അതിന്റെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകരമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ച ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാന മാർഗ്ഗം. കേരള വാട്ടർ അതോറിറ്റി ബോർഡ് അംഗീകരിച്ച അക്കൗണ്ടന്റ് ജനറലിനു (ഓഡിറ്റ്) സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന് |

| | | | |
|---|---|---|---|
| | | | ഉല്പാദന പ്രസരണ ചെലവ് 24.39 രൂപയായിരുന്നു. 2023-24 വർഷത്തെ പ്രൊവിഷണൽ വരവ് ചെലവ് കണക്കനുസരിച്ച് ഇത് 24.82 രൂപയായി വർദ്ധിച്ചു. അതേസമയം ഒരു കിലോ ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി ലഭിച്ചത് 19.80 രൂപയാണ്. അതായത് ഒരു കിലോ ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരളാ വാട്ടർ അതോറിറ്റിക്ക് 5.02 രൂപ നഷ്ടം ഉണ്ടാകുന്നു. ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ കുറഞ്ഞ തുകക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു.<br><br>കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത് വാട്ടർ സപ്ലൈ റെഗുലേഷൻ ആക്ട് 1986 (1986 ലെ ആക്ട് 14) അനുസരിച്ചാണ്. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് കുടിവെള്ള ചാർജ് ഫിക്സ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് ലാഭമോ നഷ്ടമോ ഇല്ലാത്തരീതിയിൽ ആയിരിക്കണമെന്നുണ്ട്. ആക്ടിലെ സെക്ഷൻ 15 സബ്സെക്ഷൻ (iii) അനുസരിച്ച് ഗവൺമെന്റിന്റെ അനുമതിയില്ലാതെ കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ താരിഫ് പുതുക്കുവാൻ സാധിക്കുകയില്ല.<br><br>വർഷാവർഷം വർദ്ധിച്ച് വരുന്ന ശമ്പളം, പെൻഷൻ, വൈദ്യുതി ചെലവ്, അറ്റകുറ്റപണികളുടെ ചെലവ്, വായ്പ്പാ തിരിച്ചടവ് (പലിശ ഉൾപ്പടെ) എന്നിവക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇവയെല്ലാം കേരളാ വാട്ടർ അതോറിറ്റി നഷ്ടത്തിലാകുവാൻ കാരണമാകുന്നു.<br><br>കേരള വാട്ടർ അതോറിറ്റി ബോർഡ് അംഗീകരിച്ച് അക്കൗണ്ടന്റ് ജനറലിനു (ഓഡിറ്റ്) സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വർഷത്തെ ആകെ നഷ്ടം 1312.34 കോടി രൂപയാണ്, സഞ്ചിത നഷ്ടം 6223.76 കോടി രൂപയാണ്.<br><br>കേരള വാട്ടർ അതോറിറ്റിയുടെ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ (പ്രൊവിഷണൽ) പ്രകാരം പ്രസ്തുത വർഷത്തെ ആകെ നഷ്ടം 161.28 കോടി രൂപയാണ് സഞ്ചിത നഷ്ടം 6385.04 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ